# പ. മാത്യൂസ് ദ്വിതീയൻ ബാവാ അനുസ്മരണസമ്മേളനം ക്വിസ് മത്സരവും

സരിതവിഹാർ: സരിതവിഹാർ സെൻറ് തോമസ് ഓർത്തഡോക്സ് ഇടവകയുടെ നേതൃത്വത്തിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ സൂര്യതേജസ്സും ആറാമത്തെ കാതോലിക്കാ ബാവായുമായിരുന്ന പരിശുദ്ധ ബസേലിയോസ് മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അനുസ്മരണസമ്മേളനം ക്വിസ് മത്സരവും 2016 ജനുവരി 26ന് ബുധനാഴ്ച വിശുദ്ധ കുർബാനയ്ക്ക് ശേഷം നടത്തപ്പെടും. ഡൽഹി ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ദിമെത്രയോസ് മെത്രാപ്പോലീത്താ അധ്യക്ഷത വഹിക്കുന്ന സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ ഡപ്യൂട്ടി ഡയറക്ടർ ശ്രീ. എം.എസ്. വർഗീസ് അനുസ്മരണപ്രഭാഷണം നടത്തും.

സരിതവിഹാർ സെൻറ് തോമസ് ഓർത്തഡോക്സ് ഇടവക യുവജനപ്രസ്ഥാനത്തിൻെറ നേതൃത്വത്തിൽ നടത്തപ്പെടുന്ന 10-ാമത് മാത്യൂസ് ദ്വിതീയൻ മെമ്മോറിയൽ ക്വിസ് മത്സരം ജനുവരി 26 വി.കുർബാനയ്ക്ക് ശേഷം നടക്കും. ഡൽഹി ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽ നിന്നുള്ള പ്രതിനിധികൾ മത്സരത്തിൽ പങ്കെടുക്കും. ഭദ്രാസനത്തിലെ വൈദീകശ്രേഷ്ഠർ,മാനേജിംഗ് കമ്മറ്റിയംഗങ്ങൾ,കൗൺസിൽ,അസംബ്ലി അംഗങ്ങൾ,ആത്മീയപ്രസ്ഥാന ഭാരവാഹികൾ എന്നിവർ സംബന്ധിക്കും.